**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

13.06.2013-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ. T 1083

## സിവിൽ സർവ്വീസ് അക്കാഡമിയും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും

**ചോദ്യം**

ശ്രീ. വി.പി. സജീന്ദ്രൻ

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. എം. പി. വിൻസെന്റ്

ശ്രീ. ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസവകുപ്പുമന്ത്രി)

എ) സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(എ) അഖിലേന്ത്യാ സിവിൽ സർവ്വീസ് രംഗത്ത് കൂടുതൽ കേരളീയ പ്രാതിനിധ്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി, സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് മികച്ച രീതിയിൽ തയ്യാറെടുപ്പ് നടത്തി ഉന്നത വിജയം കൈവരിക്കുവാൻ സഹായിക്കുന്ന ഒരു സ്ഥാപനം, സംസ്ഥാനത്ത് തന്നെ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ, 2005 ൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിൽ കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി സ്ഥാപിച്ചിട്ടുണ്ട്.

ബി) അക്കാഡമിയുടെ പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ വിവരിക്കുമോ;

(ബി) സിവിൽ സർവ്വീസ് പ്രിലിമിനറി, മെയിൻ എന്നീ രണ്ടു വിഭാഗങ്ങളിലായി നടത്തുന്ന പരീക്ഷയ്ക്കും, ഇന്റർവ്യൂവിനുമുള്ള പരിശീലനം അക്കാഡമി നൽകി വരുന്നു. 6 മാസം ദൈർഘ്യമുള്ള പ്രിലിമിനറി പരിശീലന പദ്ധതിയിൽ റഗുലർ ബാച്ച് കൂടാതെ, മൽസരാർത്ഥികളുടെ സൗകര്യാർത്ഥം ശനി, ഞായർ ദിവസങ്ങളിൽ മാത്രം ക്ലാസ്സുള്ള ഒരു വീക്കെൻഡ് ബാച്ചും

നടന്നുവരുന്നു.ഇന്റർവ്യൂവിന് പ്രാധാന്യം നൽകിയുള്ള ഒരു തീവ്ര പരിശീലന പദ്ധതി സിവിൽസർവ്വീസ് അക്കാഡമി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയനുസരിച്ച് മെയിൻ പരീക്ഷ വിജയിക്കുന്ന കേരളീയ വിദ്യാർത്ഥി കളെ ഇന്റർവ്യൂവിന് പ്രാപ്തരാക്കാനുള്ള തീവ്ര പരിശീലനം അക്കാഡമിയിൽ സൌജന്യമായി നൽകിവരുന്നു.

അക്കാഡമിയുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ ഉത്തരമേഖലയി ലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, അക്കാഡമിയുടെ ഒരു പ്രാദേശിക കേന്ദ്രം കോഴിക്കോട് ജില്ലയിലും ഉപകേന്ദ്രം പാലക്കാട് ജില്ലയിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി യിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്ന സ്ഥാപനത്തിലെ സിവിൽ സർവ്വീസ് പരിശീലന ക്ലാസ്സുകളിൽ 50 ശതമാനം സീറ്റുകൾ ന്യൂനപക്ഷ സമുദായ വിദ്യാർത്ഥി കൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

അക്കാഡമിയിൽ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷാ പരിശീലനത്തിനു മാത്രമാണ് ഫീസ് ഈടാക്കുന്നത്. സംസ്ഥാന സർക്കാ രിന്റെ അഡോപ്ഷൻ പദ്ധതി പ്രകാരം അതാതു വർഷം പ്രിലിമിനറി പരീക്ഷ വിജയിക്കുന്നവർക്ക് മെയിൻ പരിശീലനവും മെയിൻ പരീക്ഷ വിജയിക്കുന്നവർക്ക് ഇന്റർവ്യൂ പരിശീല നവും സൗജന്യമാണ്. പ്രിലിമിനറി പരീക്ഷാ പരിശീലനത്തിന് നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ ങ്ങളിലെ വിദ്യാർത്ഥികൾക്ക് അതാത് വകുപ്പിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ഫീസ് സൌജന്യവും സ്റ്റൈപ്പന്റും നൽകിവരുന്നുണ്ട്.

| | |
|---|---|
| | ഡിഗ്രി തലത്തിൽ പഠിക്കുന്ന കുട്ടികൾ ഡിഗ്രി പൂർത്തിയാകുന്ന മുറയ്ക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് എഴുതുന്നതിന് പര്യാപ്തമാകത്തക്ക വിധത്തിൽ അവധി ദിവസങ്ങളിൽ മാത്രം ക്ലാസ്സ് നടത്തി രണ്ടു വർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയും നടത്തി വരുന്നു. ഹൈസ്കൂൾ തലത്തിലുള്ള കുട്ടികൾക്ക് സിവിൽ സർവ്വീസിന് പരീക്ഷയിൽ അഭിരുചി നേടുന്നതിനായി ടാലന്റ് ഡെവലപ്മെന്റ് കോഴ്സും, ഹയർ സെക്കണ്ടറി, ഡിഗ്രി തലത്തിലുള്ള വിദ്യാർത്ഥികൾക്കായി ഫൌണ്ടേഷൻ കോഴ്സും നടത്തിവരുന്നു. |
| സി) കഴിഞ്ഞ സിവിൽ സർവ്വീസ് പരീക്ഷയിൽ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാനായത്; വിശദീകരിക്കുമോ; | സി) 2012 ലെ സിവിൽ സർവ്വീസ് പരീക്ഷയിൽ അക്കാഡമിയിൽ പരിശീലനം പൂർത്തിയാക്കിയ 85 മൽസരാർത്ഥികളിൽ 1,2,4,24 എന്നീ റാങ്കുൾപ്പെടെ 38 പേർ തിളക്കമാർന്ന വിജയം കൈവരിച്ചിട്ടുണ്ട്. |
| ഡി) സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും സൌകര്യങ്ങളുമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | ഡി) സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കുന്നവർക്ക് ഇന്റർവ്യൂവിന് പങ്കെടുക്കുന്നതിനായി ഡൽഹിയിലേയ്ക്കും തിരിച്ചും വിമാന യാത്രാചെലവ് വഹിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ